**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1241** **10-10-2024 - ൽ മറുപടിയ്ക്ക്**

**റോഡിലെ കുഴികളിൽ വീണുണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | റോഡിലെ കുഴികളിൽ വീണ് യാത്രക്കാർ മരണമടഞ്ഞതിന്റെയോ അപകടത്തിൽപ്പെട്ടതിന്റെയോ പേരിൽ ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പൊതുമരാമത്ത് ഉദ്യോഗസ്ഥരുടെയോ കരാറുകാരുടെയോ പേരിൽ കേസെടുക്കുകയോ അറസ്റ്റ് രേഖപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | റോഡിലെ കുഴികളിൽ വീണ് യാത്രക്കാർ മരണമടഞ്ഞതിന്റെയോ അപകടത്തിൽപ്പെട്ടതിന്റെയോ പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരുടെയും കരാറുകാരുടേയും പേരിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | റോഡിലെ കുഴികളിൽ വീണ് യാത്രക്കാർ മരണമടയുകയോ അപകടത്തിൽപ്പെടുകയോ ചെയ്താൽ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം നൽകി വരുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് മുഖേന നഷ്ടപരിഹാരം നൽകുന്നില്ല. വകുപ്പ് വഴി നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ നിയമം ഇല്ല. |
| (സി) | യഥാസമയം റോഡ് നവീകരിച്ച് പരിപാലിക്കാത്തതു മൂലം അപകടത്തിൽ ഇരകളാകേണ്ടി വരുന്നവർക്ക് അർഹമായ നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | പൊതുമരാമത്ത് വകുപ്പ് മുഖേന നഷ്ടപരിഹാരം നൽകുന്നില്ല. വകുപ്പ് വഴി നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ നിയമം ഇല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl No | ജില്ല | പോലീസ് സ്റ്റേഷൻ & ക്രൈം. നമ്പർ | കുറ്റാരോപിതരായ ഉദ്യോഗസ്ഥർ/കരാറുകാരുടെ വിവരം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | തൃശ്ശൂർ റൂറൽ | പുതുക്കാട്, Cr. No. 640/2022 U/s 338 IPC, 647/2022 U/s 338 IPC, 658/2022 U/s 338 IPC | ശങ്കരൻ (കരാറുകാരൻ) | Notice Served |
| 2 | തൃശ്ശൂർ റൂറൽ | ചാലക്കുടി 753/2022 U/s 338 IPC | 1. സ്മിത (അസ്സി. എഞ്ചിനീയർ PWD Road Section)<br>2. രത്നവല്ലി (ഓവർസിയർ PWD Road Section)<br>3. ഷൈജു | Notice Served |
| 3 | തൃശ്ശൂർ റൂറൽ | ചാലക്കുടി Cr. No. 879/2023 U/s 338/IPC | രാകേഷ് | Notice Served |
| 4 | തൃശ്ശൂർ റൂറൽ | ചാലക്കുടി Cr. No. 1062/2023 U/s 338/IPC | ആന്റണി (പ്രോജക്ട് മാനേജർ M/s EKK ഇൻഫ്രാസ്ട്രകചർ എറണാകുളം) | Notice Served |
| 5 | തൃശ്ശൂർ റൂറൽ | ചേർപ്പ് Cr. No. 602/2024 U/s 337, 338/IPC | KSTP കമ്പനി | Not Arrested |
| 6 | തൃശ്ശൂർ സിറ്റി | കുന്നംകുളം Cr. No. 2037/2021 U/s 336, 304(A) IPC | അനീഷ് കുമാർ (പ്രോജക്ട് മാനേജർ സതേൺ ടെലി കോം ഫോർ അദാനി ഇൻഡ്യൻ ഓയിൽ സിറ്റി ഗ്യാസ് പ്രോജക്ട്) | Arrested |
| 7 | എറണാകുളം | ഹിൽ പാലസ് പി.എസ് Cr. No. 479/2022 U/s 336, 338, 304(A) IPC | 1. സുമേഷ് വി.ജെ (ഓവർസിയർ PWD)<br>2. വിനിത വർഗ്ഗീസ് (അസ്സി. എഞ്ചിനീയർ)<br>3. വർക്കിച്ചൻ റ്റി. (കോൺട്രാക്ടർ) | Arrested |

സെക്ഷൻ ഓഫീസർ